**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 194</u>** **<u>04-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>പാവപ്പെട്ട രോഗികൾക്ക് ചികിത്സ ഉറപ്പാക്കുന്നതിനുള്ള നടപടികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചെലവ് ഏറുന്ന ചികിത്സകൾ പാവപ്പെട്ട രോഗികൾക്ക് ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | ചെലവേറുന്ന ചികിത്സകൾ പാവപ്പെട്ട രോഗികൾക്ക് ഉറപ്പാക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ കീഴിൽ KBF, KASP കാരുണ്യ, താലോലം, സി-സുരക്ഷ (കാൻസർ) എന്നീ പദ്ധതികൾ നിലവിലുണ്ട്. ആരോഗ്യകിരണം, ആർ.ബി.എസ്.കെ, ഹൃദ്യം എന്നീ പദ്ധതികളിലൂടെ കുട്ടികളുടെ ചികിത്സ നൽകുന്നു. KASP പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് ഓരോ കുടുംബത്തിനും ഓരോ വർഷവും 5 ലക്ഷം രൂപയുടെ വരെ ചികിത്സകൾ സൗജന്യമായി നൽകുന്നു. KBF പദ്ധതി പ്രകാരം പാവപ്പെട്ട രോഗികൾക്ക് 2 ലക്ഷം രൂപയുടെ ചികിത്സാ സഹായം നൽകുന്നു. |
| (ബി) | ബൈപ്പാസ് ശസ്ത്രക്രിയ, ആൻജിയോ പ്ലാസ്റ്റി, കിഡ്നി, കരൾമാറ്റി വെക്കൽ ശസ്ത്രക്രിയ തുടങ്ങിയവ നടത്തുന്നതിന് നിലവിൽ സർക്കാർ ആശുപത്രികളിൽ ഉള്ള സംവിധാനം എന്തൊക്കെ എന്നും എത്ര ചെലവാണ് ഈ ശസ്ത്രക്രിയയ്ക്കായി രോഗി മുടക്കേണ്ടത് എന്നും വ്യക്തമാക്കാമോ; | (ബി) | സർക്കാർ മെഡിക്കൽ കോളേജുകളിൽ ബൈപ്പാസ് ശസ്ത്രക്രിയ, ആൻജിയോ പ്ലാസ്റ്റി എന്നീ ശസ്ത്രക്രിയകൾ ചെയ്യുന്നതിനുള്ള ആധുനിക കാത്ത് ലാബ് സൗകര്യം നിലവിലുണ്ട്. കൂടാതെ ഹൃദ്രോഗ ചികിത്സയ്ക്കായി സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിൽ ജനറൽ ആശുപത്രി തിരുവനന്തപുരം, ജില്ലാ ആശുപത്രി കൊല്ലം, ജനൽ ആശുപത്രി പത്തനംതിട്ട, ജനറൽ ആശുപത്രി എറണാകുളം ജില്ലാ ആശുപത്രി പാലക്കാട്, ജനറൽ ആശുപത്രി കോഴിക്കോട്, ജനറൽ ആശുപത്രി മഞ്ചേരി, ജനറൽ ആശുപത്രി തൃശ്ശൂർ എന്നിവിടങ്ങളിൽ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ സർക്കാർ മെഡിക്കൽ കോളേജുകളിൽ നടന്നു വരുന്നുണ്ട്. KASP/KBF തുടങ്ങിയ ചികിത്സാ പദ്ധതികൾ വഴിയുള്ള ആനുകൂല്യങ്ങൾക്ക് അർഹത യുള്ളവർക്ക് ഈ പദ്ധതികൾ അനുസരിച്ചുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. പദ്ധതികൾ വഴിയല്ലാതെ ചികിത്സ തേടുന്ന രോഗികൾക്ക് കൺസ്യൂമബിൾസിന്റെ വിലയും HDS/HDC/ KHRWS ഏർപ്പെടുത്തിയ പ്രൊസീജർ ചാർജും ഈടാക്കി ആശുപത്രികളിൽ ചികിത്സ ഒരുക്കി വരുന്നു. കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ മെഡിക്കൽ |

| | | | |
|---|---|---|---|
| | | | കോളേജുകളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഇത്തരം ശസ്ത്രക്രിയകൾ ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ, ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ നടത്താൻ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ? | (സി) | ആർദ്രം പദ്ധതി പ്രകാരം ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യം ഏർപ്പെടുത്തുകയും സൂപ്പർസ്പെഷ്യാലിറ്റി വിഭാഗം പ്രവർത്തിക്കുന്നതിനാവശ്യമായ ഡോക്ടർമാരുടേയും അനുബന്ധ ജീവനക്കാരുടേയും തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കിഫ്ബി പദ്ധതി പ്രകാരം നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ആധുനിക രീതിയിലുള്ള ഓപ്പറേഷൻ തീയേറ്ററിന്റെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഹൃദ്രോഗ ചികിത്സയ്ക്കായി സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിൽ ജനറൽ ആശുപത്രി തിരുവനന്തപുരം, ജില്ലാ ആശുപത്രി കൊല്ലം, ജനൽ ആശുപത്രി പത്തനംതിട്ട, ജനറൽ ആശുപത്രി എറണാകുളം ജില്ലാ ആശുപത്രി പാലക്കാട്, ജനറൽ ആശുപത്രി കോഴിക്കോട്, ജനറൽ ആശുപത്രി മഞ്ചേരി, ജനറൽ ആശുപത്രി തൃശ്ശൂർ എന്നിവിടങ്ങളിൽ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ കിഫ്ബി പദ്ധതി പ്രകാരം ജനറൽ ആശുപത്രി ആലപ്പുഴ, ജില്ലാ ആശുപത്രി കണ്ണൂർ, ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്, ജനറൽ ആശുപത്രി കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ നിർമ്മാണ പ്രവർത്തി പുരോഗമിക്കുന്നു. കൂടാതെ ജില്ലാതാലൂക്ക് ആശുപത്രികളിലായി 87 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. 2021 അവസാനത്തോടുകൂടി 6 ഡയാലിസിസ് യൂണിറ്റുകൾ കൂടി പ്രവർത്തന സജ്ജമാകും. |

സെക്ഷൻ ഓഫീസർ